**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 527** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. എ. രാജ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികളിലെ അർബുദ ബാധിതരേയും രോഗ സാധ്യതയുള്ളവരേയും കണ്ടെത്താൻ ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>വയനാട് ജില്ലയിലെ പട്ടിക വർഗ്ഗക്കാർക്കിടയിൽ ഉണ്ടാകുന്ന അർബുദം, നേത്ര രോഗങ്ങൾ എന്നീ സാംക്രമികമല്ലാത്ത രോഗങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര പൊതുമേഖല സ്ഥാപനമായ C-DAC ന്റെ സഹായത്തോടു കൂടി നടപ്പിലാക്കി വരുന്നുണ്ട്. ആധുനിക രോഗ നിർണ്ണയ സംവിധാനങ്ങൾ ഉപയോഗിച്ചാണ് ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ആരോഗ്യ വകുപ്പിന് കീഴിലുള്ള കേന്ദ്രങ്ങളുടെയും ആരോഗ്യ വിദഗ്ധരുടെയും സേവനം ഈ പദ്ധതിയിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ സഹകരിക്കുന്ന പ്രമുഖ അർബുദ ചികിത്സാ കേന്ദ്രങ്ങൾ ഏതൊക്കെയാണ് വിശദമാക്കുമോ; | (ബി) | തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്ററുമായി സഹകരിച്ചാണ് ഈ പദ്ധതി നടത്തുന്നത്. |
| (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പ്രസ്തുത പദ്ധതി വഴി തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും വിദ്യാഭ്യാസ മേഖലയെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട19 പേർക്ക് ഈ പദ്ധതി മുഖേന തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട്, പട്ടിക വർഗ്ഗ വകുപ്പിന് കീഴിലുള്ള വയനാട് ജില്ലയിലെ 46 സാമൂഹ്യ പഠനമുറികളിൽ High Bandwidth കണക്ടിവിറ്റി നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിൽ ഉള്ള ക്ലാസുകൾ ഇപ്പോൾ തന്നെ സാമൂഹ്യ പഠന മുറികളിൽ കാണാൻ കഴിയുന്നുണ്ട്. എല്ലാ സാമൂഹ്യ പഠന മുറികളിലും വീഡിയോ കോൺഫറൻസിംഗ് സൗകര്യം നിലവിൽ വന്നിട്ടുണ്ട്. കൽപ്പറ്റയിൽ പണി പൂർത്തിയായി കൊണ്ടിരിക്കുന്ന സ്റ്റുഡിയോ റൂം വഴി വിദഗ്ധരുടെ |

| | | | |
|---|---|---|---|
| | | | ക്ലാസുകൾ സാമൂഹ്യ പഠന മുറികളിലെ കുട്ടികളിലേയ്ക്ക് എത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ